ആശുപത്രിയിൽ നിന്നും 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തി നവീകരിക്കുകയുണ്ടായി. 2004-2005-ൽ കൊല്ലം, തൃശ്ശൂർ ജില്ലാ ആയുർവ്വേദ ആശുപത്രികൾ നിലവാരമുയർത്തി നവീകരിക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ഗവ. ആയുർവ്വേദ കോളേജ് ആശുപത്രിയിൽ പഴക്കം ചെന്ന ലിഫ്റ്റിനു പുറമേ പുതിയ ഓട്ടോമാറ്റിക് ലിഫ്റ്റ് സ്ഥാപിച്ചു. പുതിയ എക്സ്റേ മെഷീൻ സ്ഥാപിക്കുകയും പുതിയ ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തു. തൃപ്പൂണിത്തുറ ഗവ. ആശുപത്രി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 350 കിടക്കകളുള്ള പുതിയ ആശുപത്രി കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. കണ്ണൂർ ആയുർവ്വേദ കോളേജ് ആശുപത്രിയിൽ 150 കിടക്കകളുള്ള ആശുപത്രി കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. ഈ കെട്ടിടത്തിന്റെ പണികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുന്നതാണ്.

ആരോഗ്യ വകുപ്പിലെ ഒഴിവുകൾ

105 [925] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് ഹെൽത്ത് സെന്ററുകൾ ഒഴികെ സംസ്ഥാനത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും വിവിധ തസ്തികകളിലായി നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒഴിവുകൾ നികത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ആവശ്യത്തിനുള്ള ജീവനക്കാരുടെ അഭാവം കാരണം സേവനം ലഭ്യമാകാതിരിക്കുന്ന സ്ഥിതി പരിഹരിക്കുവാൻ ഒഴിവുകൾ പൂർണ്ണമായും പരിശോധിച്ച് നിയമനം നടത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ വിവിധ തസ്തികകളിലായി 2601 ഒഴിവുകളും മെഡിക്കൽ കോളേജുകളിലെ വിവിധ തസ്തികകളിലായി 615 ഒഴിവുകളും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 66-ഉം ഭാരതീയ നാട്ടുചികിത്സാ വകുപ്പിൽ 656-ഉം ഹോമിയോപ്പതി വകുപ്പിൽ 23-ഉം ഒഴിവുകളുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ താൽക്കാലിക/കരാർ വ്യവസ്ഥകളിൽ ചില ഒഴിവുകൾ നികത്തുന്നതിന് നടപടി എടുത്തിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രൊമോഷൻ നൽകി നികത്താനുള്ള തസ്തികകളിൽ ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രൊമോഷൻ നൽകിയും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ അതുവഴിയും റാങ്ക് ലിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

നിലവിലില്ലാത്ത തസ്തികകളിൽ കരാർ അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും നിയമനം നടത്തിവരുന്നു. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ എൻട്രി കേഡറിലെ ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. സ്ഥാനക്കയറ്റം മുഖാന്തിരം നിയമനം നടത്തി ഒഴിവുകൾ നികത്തേണ്ട തസ്തികകളിൽ ഡി.പി.സി. കൂടുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഹോമിയോപ്പതി വകുപ്പിലുള്ള ചീഫ് മെഡിക്കൽ ഓഫീസറുടെ ഒഴിവുകൾ പ്രൊമോഷൻ നൽകി നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. മെഡിക്കൽ ഓഫീസർമാരുടെ ഒഴിവിൽ പി.എസ്.സി. അഡ്വൈസ് ചെയ്തവരെ നിയമിച്ചുകൊണ്ട് ഉത്തരവായി കഴിഞ്ഞു. നഴ്സിന്റെയും ഫാർമസിസ്റ്റിന്റെയും ഒഴിവുകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമനം നൽകിവരുന്നു. പ്രത്യേക റിക്രൂട്ട്മെന്റ് വഴിയുള്ള നഴ്സിംഗ് അസിസ്റ്റന്റിന്റെ നിയമനത്തിന് പി.എസ്.സി.-യിൽ നിന്നും ലിസ്റ്റ് ലഭിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സൂര്യാഘാതം മൂലമുണ്ടായ മരണങ്ങൾ

106 [926] ശ്രീ. കെ. അച്ചുതൻ:

" വി. ജെ. പൗലോസ്:

" തിരുവഞ്ചൂർ രാധാകൃഷ്ണൻ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ൽ ഇതുവരെ സൂര്യാഘാതം മൂലം സംസ്ഥാനത്ത് എത്ര മരണമുണ്ടായി എന്നറിയിക്കാമോ;

(ബി) എവിടെയെല്ലാമാണ് ഇത്തരം മരണമുണ്ടായത് എന്ന് വെളിപ്പെടുത്താമോ;

(സി) അത്യുഗ്രമായ ചൂടിനെതിരെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വരൾച്ചക്കാലത്ത് ജനങ്ങൾക്ക് വിവരം നൽകിയിരുന്നോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 2004-ൽ ഇതുവരെ സൂര്യാഘാതം മൂലം ഒരു മരണം ഉണ്ടായിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിലെ ഇല്ലിപ്പാറ എന്ന സ്ഥലത്താണ് പ്രസ്തുത മരണമുണ്ടായത്.

(സി) അത്യുഗ്രമായ ചൂടിനെതിരെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വരൾച്ചക്കാലത്ത് പത്രക്കുറിപ്പുകളിലൂടെയും ആരോഗ്യപ്രവർത്തകരുടെ ഗൃഹ സന്ദർശനം വഴിയും ഇതിനെ സംബന്ധിച്ച അവബോധം പൊതുജനങ്ങൾക്ക് നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly